## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **11-02-2025 - ൽ മറുപടിയ്ക്ക്**

## ആലത്തൂർ മണ്ഡലത്തിലെ പഠന മുറി പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ . കെ .ഡി .പ്രസേനൻ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ എത്രപേർക്ക് പഠന മുറി അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പഠനമുറികൾ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു .
<table>
<tr><th>ക്രമ നം</th><th>പഞ്ചായത്തിന്റെ പേര്</th><th>2021-22</th><th>2022-23</th><th>2023-24</th></tr>
<tr><td>1</td><td>ആലത്തൂർ</td><td>3</td><td>8</td><td>4</td></tr>
<tr><td>2</td><td>എരിമയൂർ</td><td>11</td><td>12</td><td>12</td></tr>
<tr><td>3</td><td>കിഴക്കഞ്ചേരി</td><td>7</td><td>10</td><td>6</td></tr>
<tr><td>4</td><td>തേങ്കുറിശ്ശി</td><td>7</td><td>11</td><td>9</td></tr>
<tr><td>5</td><td>കുഴൽമന്ദം</td><td>7</td><td>13</td><td>9</td></tr>
<tr><td>6</td><td>വണ്ടാഴി</td><td>7</td><td>7</td><td>11</td></tr>
<tr><td>7</td><td>മേലാർകോട്</td><td>7</td><td>3</td><td>7</td></tr>
<tr><td></td><td>ആകെ</td><td>49</td><td>64</td><td>58</td></tr>
</table></td></tr>
<tr><td>(ബി)</td><td>പഠനമുറികൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?</td><td>(ബി)</td><td>സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ/ കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിട ങ്ങളിൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കാണ് പഠനമുറി അനുവദിക്കുന്നത്. ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥികളായുള്ള കുടുംബം, വിധവ കുടുംബനാഥയായ കുടുംബം, കിടപ്പുരോഗികൾ/ മാരകരോഗികൾ ഉള്ള കുടുംബം, ഒന്നിലധികം വിദ്യാർത്ഥികൾ ഉള്ള കുടുംബം ഇവർക്ക് മുൻഗണന നൽകിവരുന്നു. വിദ്യാർത്ഥികളുടെ അപേക്ഷ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. പട്ടികജാതിവികസന ഓഫീസറുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ